# JOB MELA AT CHENGANNUR, ALAPPUZHA KERALA – 12-12-2022





## മെഗാ തൊഴിൽമേള 11ന് ചെങ്ങന്നൂരിൽ

ചെങ്ങന്നൂർ • സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദി നേഷൻ (സൈൻ), റീജനൽ ഡയറക്ടറേറ്റ് ഓഫ് സ്കിൽ ഡവലപ്മെന്റ് ആൻഡ് ഒൻട്രപ്രനർഷിപ് (ആർഡിഎസ്ഡിഇ) എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ മെഗാ തൊഴിൽമേള 11 നു രാവിലെ 9 മുതൽ ചെങ്ങന്നൂർ ചിന്മയ വിദ്യാലയയിൽ നടക്കും. കേന്ദ്രസഹമന്ത്രി രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. ഉദ്യോഗാർഥികളുടെ വിദ്യാഭ്യാസ യോഗ്യത പ്രശ്നമല്ലെന്നും ഒരാൾക്കു നാലു കമ്പനികളുടെ വരെ അഭിമുഖത്തിൽ പങ്കെടുക്കാമെന്നും സിഇഒ പി.ജി. രാമചന്ദ്രൻ, ജനറൽ കൺവീനർ എം.വി.ഗോപകുമാർ, ആർഡിഎസ്ഡിഇ ഡപ്യൂട്ടി ഡയറക്ടർ പി.ജി.രാജേന്ദ്രൻ എന്നിവർ പറഞ്ഞു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നുമുള്ള 100 സ്വകാര്യ കമ്പനികൾ എത്തുന്ന തൊഴിൽമേളയിൽ പതിനായിരത്തിലേറെപ്പേർ പങ്കെടുക്കുമെന്നാണു പ്രതീക്ഷ. 81297 01663, 94963 20663.




## സൗജന്യ മെഗാ തൊഴിൽമേള 11ന് ചെങ്ങന്നൂരിൽ

ചെങ്ങന്നൂർ: സൊസൈറ്റി ഫോർ ഇന്റഗ്രേറ്റഡ് ഗ്രോത്ത് ഓഫ് ദിനേഷൻ (സൈൻ), റീജിയനൽ ഡയറക്ടറേറ്റ് ഓഫ് സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ് (ആർ.ഡി.എസ്.ഡി.ഇ.) എന്നിവയുടെ നേതൃത്വത്തിൽ സൗജന്യ മെഗാ തൊഴിൽമേള 11-നു രാവിലെ ഒൻപതുമുതൽ ചെങ്ങന്നൂർ ചിന്മയ വിദ്യാലയയിൽ നടത്തും. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള 100-നടുത്ത് കമ്പനികൾ പങ്കെടുക്കും. 2500-നടുത്ത് നിയമനങ്ങളാണ് പ്രതീക്ഷിക്കുന്നത്. രാവിലെ ഒൻപതിന് കേന്ദ്ര സഹമന്ത്രി രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. ഉദ്യോഗാർഥികളുടെ വിദ്യാഭ്യാസ യോഗ്യത പ്രശ്നമല്ലെന്നും ഒരാൾക്കു നാലു കമ്പനികളുടെ വരെ അഭിമുഖത്തിൽ പങ്കെടുക്കാമെന്നും സി.ഇ.ഒ. പി.ജി. രാമചന്ദ്രൻ, ജനറൽ കൺവീനറും ബിജെപി ജില്ലാ പ്രസിഡന്റുമായ എം.വി. ഗോപകുമാർ, ആർ.ഡി.എസ്.ഡി.ഇ. ഡെപ്യൂട്ടി ഡയറക്ടർ പി.ജി. രാജേന്ദ്രൻ, പ്രമോദ് കാരയ്ക്കാട് എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. 8129701663, 9496320663.